## സ്വരൂപം ബാഹ്യമായ ആവിഷ്കാരവും, നിധി ആന്തരിക ഉള്ളടക്കവും

**I. നമുക്ക് ക്രിസ്തുവിനെ ദൈവത്തിന്റെ സ്വരൂപമായും നിധിയായും അനുഭവമാക്കുവാനും ആസ്വദിക്കുവാനും കഴിയുമെന്ന് 2 കൊരിന്ത്യർ 4:4-7 നമ്മെ കാണിക്കുന്നു**

2 കൊരി. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

- ദൈവത്തിന്റെ സ്വരൂപം ക്രിസ്തുവിനെ നമ്മുടെ ബാഹ്യമായ ആവിഷ്കാരമായും, അതേസമയം നിധി ക്രിസ്തുവിനെ നമ്മുടെ ആന്തരിക ഉള്ളടക്കമായും സൂചിപ്പിക്കുന്നു
- എബ്രായർ 1:3 അനുസരിച്ച്, ക്രിസ്തു ദൈവത്തിന്റെ തേജസ്സിന്റെ പ്രഭയാണ്; അതിനാൽ അവൻ ദൈവത്തെ പ്രഖ്യാപിക്കുകയും ദൈവത്തെ ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ക്രിസ്തു "അദൃശ്യനായ ദൈവത്തിന്റെ സ്വരൂപം" ആണെന്ന് കൊലൊസ്സ്യർ 1:15 പറയുന്നു; ഇവിടെ സ്വരൂപം ഒരു ഭൗതിക രൂപമല്ല, ദൈവത്തിന്റെ എല്ലാ സദ്ഗുണങ്ങളിലും നന്മകളിലുമുള്ള അവന്റെ ആളത്തത്തിന്റെ ആവിഷ്കാരമാണ്.
- ദൈവത്തിന്റെ സ്വരൂപമായ ക്രിസ്തുവിനെ സംബന്ധിച്ച വ്യക്തമായ ഒരു വീക്ഷണം നമുക്കുണ്ടായിരിക്കുന്ന അളവോളം നമ്മുടെ മനസ്സ് പുതുക്കപ്പെടണം

## അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ സ്വരൂപം—ക്രിസ്തു

**II. 2 കൊരിന്ത്യർ 4:4-ൽ പൗലൊസ് "ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനത്തെ"ക്കുറിച്ച് സംസാരിക്കുന്നു**

- 2 കൊരി. 4:4-ൽ ഈ ലോകത്തിന്റെ അധിപനായ ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നുവെന്നുപൗലൊസ് നമ്മെ അറിയിക്കുന്നു
  - നമ്മുടെ ധാരണകൾ നാം വിട്ടുകളഞ്ഞ് നമ്മുടെ ഹൃദയത്തെ കർത്താവിലേക്ക് തിരിക്കുകയാണെങ്കിൽ, മൂടുപടങ്ങൾ നീക്കപ്പെടുകയും, ഈ യുഗത്തിന്റെ ദൈവത്തിന് നമ്മുടെ ആളത്തത്തിൽ അടിത്തറ ഇല്ലാതിരിക്കുകയും ചെയ്യും.
- ക്രിസ്തുവിന്റെ സുവിശേഷം പ്രകാശിക്കുകയും തിളങ്ങുകയും ചെയ്യുന്ന അവന്റെ തേജസ്സിന്റെ സുവിശേഷമാണ്.
- ദൈവം അദൃശ്യനാണ്, എന്നാൽ ദൈവത്തിന്റെ തേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും ആയ (എബ്രാ. 1:3) ദൈവത്തിന്റെ സ്നേഹപുത്രനായ ക്രിസ്തു, ദൈവം താൻ ആയിരിക്കുന്നതിനെ ആവിഷ്കരിക്കുന്ന അവന്റെ സ്വരൂപമാണ്.
- അദൃശ്യനായ ദൈവത്തിന് ദൃശ്യമായ ഒരു സ്വരൂപമുണ്ട്, ഈ സ്വരൂപം ക്രിസ്തുവാണ്

കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

## നിധിയുടെ വ്യക്തിനിഷ്ഠ അനുഭവം—യേശു ക്രിസ്തുവിന്റെ മുഖം

**III. "ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്"—2 കൊരി. 4:7**

- നമ്മുടെ ഹൃദയങ്ങളിലുള്ള ദൈവത്തിന്റെ പ്രകാശിക്കൽ (വാ. 4, 6) നമ്മിലേക്ക് തേജസ്സിന്റെ ക്രിസ്തു എന്ന ഒരു നിധിയെ കൊണ്ടുവരുന്നു; അവൻ നമ്മുടെ ജീവനും നമ്മുടെ സകലവുമായിരിക്കുവാനുള്ള ദൈവത്തിന്റെ ദേഹരൂപമാണ്
- മൺപാത്രങ്ങളായ നമ്മിൽ ഉൾവസിക്കുന്ന ക്രിസ്തു എന്ന ഈ നിധി ക്രിസ്തീയ ജീവിതത്തിനു വേണ്ടിയുള്ള സഹായത്തിന്റെ ദിവ്യ ഉറവിടമാണ്. 2 കൊരിന്ത്യർ 4:7-ലെ ഈ നിധി എന്ന പ്രയോഗം വാക്യം 6-നെ പരാമർശിക്കുന്നു, അവിടെ പൗലൊസ് യേശു ക്രിസ്തുവിന്റെ മുഖത്തെക്കുറിച്ച് സംസാരിക്കുന്നു

2 കൊരി. 4:6 എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

- അക്ഷരാർഥത്തിൽ, 2 കൊരിന്ത്യർ 4:6-ലെ മുഖം എന്നതിനുള്ള യവനപദം 2:10-ൽ "വ്യക്തി" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന അതേ പദമാണ്; അത് കണ്ണുകൾക്ക് ചുറ്റുമുള്ള ഭാഗത്തെ, ഒരു വ്യക്തിയെ മുഴുവനായി കാണിക്കുകയും വെളിവാക്കുകയും ചെയ്യുന്ന ആന്തരിക ചിന്തകളുടെയും വികാരങ്ങളുടെയും ഭാവാവിഷ്കാരമായ നോട്ടത്തെ സൂചിപ്പിക്കുന്നു.
- നമുക്ക് ക്രിസ്തുവിന്റെ മുഖത്തിന്റെ ഭാവാവിഷ്കാരം ഇല്ലെങ്കിൽ, യാഥാർഥ്യത്തിൽ അവൻ നമുക്ക് ഒരു നിധിയായിരിക്കുവാൻ കഴിയുകയില്ലെന്ന് ഇത് സൂചിപ്പിക്കുന്നു.
- നാം മൺപാത്രങ്ങളായതുകൊണ്ട് നാം ബലഹീനരാണ്; എങ്കിലും, താൻ ചെയ്യുവാൻ ആഗ്രഹിക്കുന്നതെല്ലാം ചെയ്യാനുള്ള എല്ലാ അവസരങ്ങളും അവന് നൽകിക്കൊണ്ട് പാത്രങ്ങളായ നമ്മിലുള്ള നിധി കർത്താവിനായി നമ്മെത്തന്നെ തുറന്നുവയ്ക്കുവാൻ, നമ്മെ പ്രാപ്തരാക്കുന്നു; ഇതാണ് ശരിയായതും യഥാർഥവുമായ ക്രിസ്തീയ ജീവിതം

## മൺപാത്രവും ശക്തിയുടെ ശ്രേഷ്ഠതയും

**IV. "ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്"—2 കൊരി. 4:7**

- നമ്മിൽത്തന്നെ നാം മൺപാത്രങ്ങളല്ലാതെ മറ്റൊന്നുമല്ല; ആ നിലയിൽ, സത്യത്തെ വെളിവാക്കുവാനും സുവിശേഷത്തിന്റെ തേജസ്സ് പ്രകാശിപ്പിക്കുവാനുമുള്ള ശക്തി നമുക്കില്ല
- നാം വിലയില്ലാത്ത മൺപാത്രങ്ങളാണെങ്കിലും, ദൈവം നമ്മിലേക്ക് വിലയേറിയ നിധിയെ പ്രകാശിപ്പിച്ചിരിക്കുന്നു. ഇപ്പോൾ ഈ നിധി നമ്മെ ഉത്തേജിപ്പിക്കുകയും ദൈവത്തിന്റെ തേജസ്സിനെ പ്രകാശിപ്പിക്കുവാനും സത്യം വെളിവാക്കുവാനും നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്ന ശക്തിയുടെ സ്രോതസ്സായിത്തീരുന്നു
- അകമെ നിധിയായും പുറമെ സ്വരൂപമായും നാം ക്രിസ്തുവിനെ അനുഭവമാക്കുകയും ആസ്വദിക്കുകയും വേണം